**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **19-01-2021 - ൽ മറുപടിയ്ക്ക്**

**തഴവ ഗവൺമെന്റ് കോളജിന്റെ പേര് മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ അനുവദിച്ച തഴവ ഗവൺമെന്റ് കോളേജിന്റെ പേര് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് എന്നു മാറ്റം വരുത്തുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ; | (എ) | ഉണ്ട്. കരുനാഗപ്പള്ളിയിൽ നിലവിൽ കോളേജിനായി കണ്ടെത്തിയിരിക്കുന്ന ഐ.എച്ച്.ആർ.ഡി.യുടെ ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. കോളേജിന് സ്വന്തമായി ഭൂമി ലഭ്യമായ ശേഷം കോളേജിന്റെ പേര് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ; | (ബി) | കോളേജിന് കെട്ടിടം നിർമ്മിക്കുന്നതി നായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.O.(Rt) No. 811/2020/HEDN dated 18.6.2020 ഉത്തരവ് പ്രകാരം 13,82,60,153/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത കോളേജിന്റെ പദ്ധതിയുടെ കിഫ്ബി അപ്രൈസൽ നടന്നുകൊണ്ടിരിക്കുന്നു. |
| (സി) | കോളേജിനാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ? | (സി) | G.O.(MS) 123/2020/HEDN dated 13.10.2020, G.O.(MS) No. 182/2018/HEDN dated 28.07.2018, G.O.(MS) 362/2019/HEDN dated 27.10.2019 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ